പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4741** — 23-07-2015 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങൾ

ചോദ്യം

**ശ്രീ.കെ.അജിത്**

ഉത്തരം

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2012-13, 2013- 14 വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും പിന്നീട് നഷ്ടം വരുത്തിയതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഇവയുടെ മുൻ വർഷങ്ങളിലെ ലാഭവും, പിന്നീട് ഉണ്ടായ നഷ്ടവും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(എ) 2012-13 ലും 2013-14 ലും തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡും, ട്രാൻസ്ഫോമേഴ്സ് ആൻഡ് ഇലക്ടിക്കത്സ് കേരളാ ലിമിറ്റഡുമാണ് 2014-15 ൽ നഷ്ടത്തിൽ പ്രവർത്തിച്ചത്. ഇവയുടെ മേൽ പറഞ്ഞ കാലയളവിലെ പ്രവർത്തന ലാഭം / നഷ്ടം ചുവടെ ചേർക്കുന്നു.

*(രൂപ ലക്ഷത്തിൽ)*

| നമ്പർ | കമ്പനി | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| 1 | കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് | 7312.40 | 2641.18 | -1582.07* |
| 2 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 233.00 | 14.00 | -3316.൦ |

* *unaudited figures l*

ബി) വ്യവസായ വകുപ്പിന് കീഴിൽ നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ധനസഹായം നൽകിയ സ്ഥാപനങ്ങൾ ഉണ്ടോ എന്നും എങ്കിൽ അത്തരം സ്ഥാപനങ്ങൾക്കു നൽകിയ

(ബി) വ്യവസായ വകുപ്പിൻെറ കീഴിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിൻെറ ഭാഗമായി ഹ്രസ്വ / ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതുവരെ ഏകദേശം 718.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ധനസഹായം എത്രയെന്നും സഹായം നൽകിയതിനു ശേഷമുള്ള പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥിതിയും വ്യക്തമാക്കുമോ? | ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും, വ്യാവസായിക മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ഉൽപ്പാദന പ്രക്രിയയും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണവും നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസം, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരവും പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ